# PRATIBHA

Programme for Acquiring Talent In
classrooms Incorporating Beneficial and
Holistic Approaches of learning

# LSS SUPPORT MATERIAL

## DIET KASARAGOD

Prepared and published by : Faculty of C.M.D.E, DIET Kasaragod

*ചീഫ് എഡിറ്റർ:*
**ഡോ. എം. ബാലൻ** (പ്രിൻസിപ്പാൾ, ഡയറ്റ് കാസർകോട്)

*അക്കാദമിക് കോഡിനേറ്റർ:*
**വിനോദ് കുമാർ കുട്ടമത്ത്** (ലക്ചറർ, ഡയറ്റ് കാസർകോട്)

*എഡിറ്റോറിയൽ ബോർഡ്:*
**ഡോ. സുരേഷ് കൊക്കോട്ട്** (സീനിയർ ലക്ചറർ, ഡയറ്റ് കാസർകോട്)
**രാമചന്ദ്രൻ നായർ. കെ** (സീനിയർ ലക്ചറർ, ഡയറ്റ് കാസർകോട്)
**രത്നാഭായി ടി.കെ** (സീനിയർ ലക്ചറർ, ഡയറ്റ് കാസർകോട്)
**വി. മധുസൂദനൻ** (ലക്ചറർ, ഡയറ്റ് കാസർകോട്)

*പ്രതിഭ ശില്പശാലയിൽ പങ്കെടുത്തവർ:*

**സി.വി സജീവൻ** (ബി.പി.ഒ. ബി.ആർ.സി ബേക്കൽ)
**ബിന്ദു കെ.** (എ.എൽ.പി.എസ്. കുണ്ട്യം)
**പ്രദീപ് കൊടക്കാട്** (എ.എൽ.പി. സ്കൂൾ പൊള്ളപ്പൊയിൽ)
**അനേഷ് ആനിക്കാട്ട്** (എ.എൽ.പി.എസ്. കുന്നച്ചേരി)
**കെ.വി. പ്രസീത** (എ.എൽ.പി.എസ് തെക്കേക്കാട്)
**പി.വി. ബിന്ദു** (കെ.കെ.എൻ.എം. എ.യുപി.എസ്. ഓലാട്ട്)
**രാജേഷ് പി.** (ജി.എൽ.പി.എസ് നീലേശ്വരം)
**മിഥുൻ ടി.വി.** (സെന്റ് ആൻസ് എ.യു.പി.എസ് നീലേശ്വരം)
**ഇന്ദു പുറവങ്കര** (എ.എൽ.പി.എസ് തങ്കയം)
**പ്രീതി സി.പി.** (രാജാസ് എ.യു.പി.എസ്. അച്ചാംതുരുത്തി)
**സുജയ കെ.ടി** (എ.എൽ.പി.എസ്. വലിയപറമ്പ)
**സരസ്വതി കെ.വി** (എ.എൽ.പി.എസ്. വലിയപറമ്പ)
**പ്രമീള കെ.കെ** (എ.എൽ.പി.എസ്. തങ്കയം)
**വിനയൻ പിലിക്കോട്** (ഐ.ഐ.എ.എൽ.പി.എസ്. ചന്തേര)

*അക്കാദമിക് പിന്തുണ:*
**എം.കെ. വിജയകുമാർ** (ഡി.പി.സി. എസ്.എസ്.കെ. കാസർകോട്)
**പി.വി. ഉണ്ണിരാജൻ** (ബി.പി.ഒ. ചെറുവത്തൂർ)

---

Prepared and published by : Faculty of C.M.D.E, DIET Kasaragod

# പ്രതിഭയ്ക്കൊരാമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം അതിന്റെ ലക്ഷ്യം കൈവരിക്കുന്നതിന്റെ സൂചനകളാണ് ഇപ്പോൾ വിവിധ തലങ്ങളിലായി ദൃശ്യമാകുന്നത്. ദേശീയ തലത്തിൽ തന്നെ കേരളം കൈവരിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങൾ, അംഗീകാരങ്ങൾ, നമ്മുടെ കുട്ടികൾ ദേശീയ തലത്തിലുള്ള പരീക്ഷകളിൽ കാഴ്ച്ചവെയ്ക്കുന്ന മികവുകൾ എന്നിവ ശ്രദ്ധേയമാണ്. SSLC പരീക്ഷയിലെ ഉന്നത വിജയം, LSS, USS പരീക്ഷകളിലെ മികച്ച പങ്കാളിത്തം, വർധിച്ച വിജയശതമാനം എന്നിവ ഇതോടൊപ്പം കൂട്ടി വായിക്കേണ്ടതാണ്. LSS, USS പരീക്ഷകളെ പൊതു സമൂഹം ഈയവസരത്തിൽ ഏറെ താത്പര്യത്തോടെയാണ് നോക്കിക്കാണുന്നത്. അതു കൊണ്ടു തന്നെ ഈ പരീക്ഷകളെ മുൻനിർത്തിയുള്ള പ്രത്യേക കോച്ചിങ്ങും അധികസമയ ഗൈഡ് പഠനവും പലയിടത്തും സ്വീകരിച്ചു വരുന്നുണ്ട്. ഇത് കുട്ടികളിൽ അമിത സമ്മർദ്ദവും ഉത്കണ്ഠയും ഉളവാക്കുന്നു എന്നതും അനഭിലഷണീയമായ മത്സരബുദ്ധിയിലേക്കു നയിക്കുന്നു എന്നതും നാം ഗൗരവമായി കാണണം. ഈ പ്രവണതകളൊഴിവാക്കാൻ ക്ലാസ് തല മികവിലൂടെ LSS,USS എന്നതാകണം നമ്മുടെ ലക്ഷ്യം. ഓരോ പാഠഭാഗത്തിലും നിർദേശിച്ചിരിക്കുന്ന പഠന നേട്ടങ്ങൾ കുട്ടികൾ നേടി എന്നുറപ്പിക്കലാണ് പ്രധാനം. മുഴുവൻ കുട്ടികളേയും പരിഗണിച്ചു കൊണ്ടുള്ള സമഗ്ര ഗുണമേന്മയാകണം ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പ്രവർത്തന പദ്ധതിയാണ് കാസർഗോഡ് ഡയറ്റ് നടപ്പിലാക്കുന്ന പ്രതിഭ (PRATIBHA-Programme for Acquiring Talent In classrooms Incorporating Beneficial and Holistic Approaches of learning) അധ്യാപകർക്കുള്ള പരിശീലനങ്ങൾ, രക്ഷാകർതൃ പരിശീലനങ്ങൾ, പഠന പാക്കേജ് ലഭ്യമാക്കൽ മാതൃകാപരീക്ഷകൾ എന്നിവ ഉൾച്ചേർന്നതാണ് പ്രതിഭ പദ്ധതി. ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രയോഗ തലത്തിലുള്ള ചോദ്യങ്ങളാണ് പ്രതിഭ പഠന പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതത് പാഠഭാഗങ്ങൾ അല്ലെങ്കിൽ പഠന നേട്ടങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് ഇവ ക്ലാസിൽ അവതരിപ്പിക്കേണ്ടത്. ചിലവ വർക് ഷീറ്റ് രൂപത്തിലാണ് നൽകിയിരിക്കുന്നത്. മുഴുവൻ കുട്ടികളേയും പ്രതിഭകളാക്കും വിധം നമ്മുടെ കാസ്മുറികൾ സജീവവും സമ്പന്നവുമാകട്ടെ. ക്ലാസ് തല മികവിലൂടെ തന്നെയാകട്ടെ LSS, USS.

**ഡോ. എം.ബാലൻ**
പ്രിൻസിപ്പാൾ
ഡയറ്റ്, കാസർഗോഡ്

## പ്രതിഭയിലേക്ക്...

4-ാം ക്ലാസ്സിലെ മലയാളം, ഇംഗ്ലീഷ്, പരിസര പഠനം, ഗണിതം എന്നീ വിഷയങ്ങളിലെ പാഠ ഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങ ളാണ് പ്രതിഭ പഠന പാക്കേജിൽ ഉൾപ്പെടുത്തി യിരിക്കുന്നത്. ഓരോ യൂണിറ്റിലും ഉൾപ്പെ ടുന്ന ചോദ്യങ്ങൾ ക്രമമായിത്തന്നെ നൽകിയി രിക്കുന്നു. ഒറ്റവാക്കിൽ ഉത്തരം നൽകേണ്ടുന്ന വയും, വിവരണാത്മക ചോദ്യങ്ങളും ഉൾപ്പെ ടുത്തിയിട്ടുണ്ട് പഠനപ്രവർത്തന വേളയിൽ തന്നെയോ പാഠഭാഗം പൂർത്തീകരിച്ചതിനുശേ ഷമോ ഈ ചോദ്യങ്ങൾ കുട്ടികൾക്ക് പരിചയ പ്പെടുത്താവുന്നതാണ്. ഉത്തരങ്ങൾ കുട്ടികൾ തന്നെ ഒറ്റയ്ക്കോ കൂട്ടായോ
കണ്ടെത്തുന്ന രീതിയാണ് അഭികാമ്യം.
ഓരോ പാഠഭാഗവുമായും ബന്ധപ്പെട്ട പരമാ വധി ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
ചിലവ പ്രയോഗതലത്തിലുള്ളവയാണ്. ഇംഗ്ലീ ഷിൽ വർക്ക്ഷീറ്റുകൾക്കാണ് പ്രധാന്യം നൽകിയിരിക്കുന്നത്. ഓരോ കുട്ടിക്കും ലഭ്യ മാകും വിധം വർക്ക്ഷീറ്റുകൾ പകർപ്പെടുത്ത് നൽകേണ്ടതാണ്. ക്ലാസ്റൂം പഠനപ്രവർത്തന ങ്ങൾക്കൊപ്പം തന്നെ പ്രതിഭ പഠന പിന്തുണ പാക്കേജും ഉപയോഗപ്പെടുത്താൻ കഴിയണം.

# മലയാളം

## അധ്യായം-1 വെണ്ണക്കണ്ണൻ

1. കുട്ടത്തിൽപ്പെടാത്തതേത്?
   ആനനം, കാനനം, വദനം, ആസ്യം
2. കൃഷ്ണഗാഥയുടെ കർത്താവാര്?
3. നിലാവ് എന്നർത്ഥം വരുന്ന പദം ഏത്?
   തിങ്കൾ, കൗമുദി, അമ്പിളി, ചന്ദ്രൻ
4. ചേരുംപടി ചേർക്കുക

| | |
|---|---|
| ചെറുശ്ശേരി | ദുരവസ്ഥ |
| കുഞ്ചൻനമ്പ്യാർ | മഗ്ദലനമറിയം |
| കുമാരനാശാൻ | കൃഷ്ണഗാഥ |
| വള്ളത്തോൾ | കല്യാണസൗഗന്ധികം |

5. കൃഷ്ണഗാഥയുടെ രചനക്കുപിന്നിലെ വിനോദം
   അമ്പെയ്ത്ത്, ചതുരംഗം, തേരോട്ടം, ചൂതാട്ടം
6. പിരിച്ചെഴുതുക
   കേഴുമല്ലോ

## 2. സ്നേഹം താൻ ശക്തി

1. ശരിയായ പദമേത്?
   അനുഭന്ധം, അനുബന്ധം, അനുബദ്ധം, അനുബന്തം
2. വ്യാഹതി എന്ന പദത്തിന് സമാനപദമായിവരുന്നത്
   തടസം, മാർഗം, വഴി, അധികം
3. നിത്യചൈതന്യയതിയുടെ ആദ്യത്തെപേര്?
4. “ഒരു പീഡയെറുമ്പിനുംവരു
   ത്തരുതെന്നുള്ളനുകമ്പയും സദാ”
   ആരുടെ വരികൾ?
5. ശരിയല്ലാത്ത ജോഡി ഏത്?

| | | |
|---|---|---|
| സന്തോഷം | X | അസന്തോഷം |
| ഭംഗി | X | അഭംഗി |
| സത്യം | X | അസത്യം |
| നീതി | X | അനീതി |

6. “സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
   സ്നേഹിച്ചിടാത്തൊരുതത്വശാസ്ത്രത്തെയും”
   ഈ വരികളിലെ ആശയത്തോട് ഏറ്റവും അടുത്തുനിൽക്കുന്നത്.
   ഞാൻ നോവുമാത്മാവിനെ സ്നേഹിക്കയില്ല
   നോവുമാത്മാവിനെ സ്നേഹിക്കാത്ത തത്വശാസ്ത്രത്തെ ഞാൻ സ്നേഹിക്കയില്ല
   തത്വശാസ്ത്രത്തെയും നോവുമാത്മാവിനെയും ഞാൻ സ്നേഹിക്കയില്ല
7. ചേരുംപടി ചേർക്കുക

| | |
|---|---|
| മാതംഗി | കൃഷ്ണഗാഥ |
| പഞ്ചമി | ചണ്ഡാലഭിക്ഷുകി |
| നങ്ങേലി | പറയിപെറ്റ പന്തിരുകുലം |
| യശോദ | പൂതപ്പാട്ട് |

## 3. കുടയില്ലാത്തവർ

1. കൂട്ടത്തിൽ പെടാത്തതാര്?
   ഒ എൻ വി, എം.ടി.വാസുദേവൻനായർ, വൈലോപ്പിള്ളി, തകഴി
2. അർത്ഥവ്യത്യാസം കണ്ടെത്തുക
   കനിവ്
   കിനാവ്
3. ഒ എൻ വിയുടെ മുഴുവൻ പേര്
4. ഒ എൻ വി കൃതി അല്ലാത്തത്
   അക്ഷരം, മാമ്പഴം, ഉപ്പ്, ഉജ്ജയിനി
5. ചേരുംപടി ചേർക്കുക

| | |
|---|---|
| മഞ്ഞപ്പാവാട | ഇടശ്ശേരി |
| മഞ്ഞുതുള്ളി | ഒ എൻ വി |
| പൂതപ്പാട്ട് | ഡോ. കെ. ശ്രീകുമാർ |
| വളപ്പൊട്ടുകൾ | നിത്യചൈതന്യയതി |

## 4. എന്റെ പനിനീർച്ചെടി

1. കു കു കു എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത്?
2. 'പ്രഭാതപുഷ്പം' ആരുടെ കൃതി?
3. കൂട്ടത്തിൽപെടാത്തത്?
   വസന്തം, വർഷം, ആഷാഢം, ശിശിരം
4. പ്രാലേയം എന്ന വാക്കിന്റെ അർത്ഥമായിവരുന്നത്.
   മഴ, മഞ്ഞ്, മണ്ണ്, ചൂട്
5. ഇന്ത്യയുടെ പക്ഷിമനുഷ്യൻ
6. പിരിച്ചെഴുതുക
   ആയെന്ന് -
7. സുമംഗലി എന്ന പദത്തിന്റെ അർത്ഥമായിവരുന്നത്
   സുന്ദരി, ഭർത്താവുള്ളവൾ, നവവധു, വിധവ
8. കേരളത്തിന്റെ ഉപവസന്തം എന്നറിയപ്പെടുന്നത്
9. കൂട്ടത്തിൽപെടാത്തതേത്?
   ചത്വരം, അജിരം, അങ്കണം, സാഗരം
10. ചേരുംപടി ചേർക്കുക

| | |
|---|---|
| ജ്ഞാനപ്പാന | ഉള്ളൂർ |
| മഹാഭാരതം കിളിപ്പാട്ട് | പൂന്താനം |
| കല്യാണസൗഗന്ധികം | എഴുത്തച്ഛൻ |
| പ്രേമസംഗീതം | കുഞ്ചൻനമ്പ്യാർ |

11. ശാരികപൈതലിൻ മോടികണ്ടു
    മാരുതനും ചെന്നുകൂടി
    ഇതിൽ കാറ്റിനുപകരം ഉപയോഗിച്ചിരിക്കുന്ന പദം ഏത്?



[redacted]

## 5. ഞാവൽക്കാട്

1. ഇന്ദുചൂഡൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത് ആര്?
2. ദേശീയപക്ഷിനിരീക്ഷണദിനം എന്ന്?
3. കാര്യങ്ങൾ തിരിച്ചറിയാനുള്ള അവന്റെ കഴിവ് അപാരം തന്നെ. അടിവരയിട്ട പദത്തിന്റെ അർത്ഥമെന്ത്?
4. 'കേരളത്തിലെ പക്ഷികൾ' എന്ന കൃതി എഴുതിയത്?

ലോകത്തിലെ തന്നെ ഏറ്റവും വലിയ മഴക്കാടായ ആമസോൺകാടുകളിലെ തീപിടുത്തത്തെപ്പറ്റി നിങ്ങൾ പത്രങ്ങളിൽ വായിച്ചിട്ടുണ്ടാവുമല്ലോ. ഏറെ നാളത്തെ പ്രയത്നങ്ങൾക്കുശേഷമാണ് തീ അണക്കാൻ സാധിച്ചത് നാളുകൾക്ക് ശേഷം ദേശാടനത്തിനുവന്ന പൈങ്കിളി നാട്ടിൽ വന്ന് സംഭവങ്ങൾ കുയിലമ്മയോടു വിവരിച്ചു. എന്തൊക്കെയായിരിക്കും അവർ തമ്മിൽ സംസാരിച്ചുണ്ടാവുക?

## 6. ഓമനയുടെ ഓണം

1. ഓണം + സദ്യ ചേർത്തെഴുതിയാൽ
   ഓണസദ്യ, ഓണംസദ്യ, ഓണസ്സദ്യ
2. അടിയിൽ വരയിട്ട പദത്തിന് പകരം പദം കണ്ടെത്തി എഴുതുക?
   ആകാശത്ത് കാർമുകിൽ നിറഞ്ഞു. അതുകണ്ട മയിലുകൾ ആനന്ദനൃത്തമാടി.
3. "ചിന്നും വെൺമുകിൽ കേസരം പോലെ
   മിന്നും ചിങ്ങത്തെക്കാണുവാൻ മേലെ"
   ഈ വരികൾ ആരുടേതാണ്?
   സുഗത കുമാരി, ജി.ശങ്കരക്കുറുപ്പ്, പി.കുഞ്ഞിരാമൻ നായർ, ഇടപ്പള്ളി
4. താഴെപറയുന്ന കളികളിൽ നാടൻ കളിയല്ലാത്തത് ഏത്?
   തലപന്തുകളി, കുട്ടിയും കോലും, ക്രിക്കറ്റ് കളി, കോഴിയും കുറുക്കനും
5. 'കാക്കയും ഉറുമ്പും' കഥകൾ ആരുടേതാണ്?
6. "ഞങ്ങൾ മറന്നുപോയി പാടുവാൻ തേനൂറു
   മന്നത്തെയോണ പുതുമലർപാട്ടുകൾ"
   ഈ വരികൾ എഴുതിയതാര്?
7. "പൊന്നിൻകതിർക്കുലയേന്തി മെല്ലെ
   വന്നുപോയ് വന്നുപോയ് ചിങ്ങമാസം"
   ഈ മനോഹരമായ വരികൾ ആരുടെ രചനയിൽ വിരിഞ്ഞതാണ്?

## 7. നെഹ്റു ട്രോഫി വള്ളംകളി

1. 'നെഹ്റു ട്രോഫി വള്ളംകളി' എന്ന ലേഖനം ജോൺ കുന്നപ്പള്ളിയുടെ ഏത് ബാലസാഹിത്യ കൃതിയിൽ നിന്നെടുത്തതാണ്?
2. നെഹ്റു ട്രോഫി വള്ളംകളി മത്സരത്തിന് തുടക്കം കുറിച്ചത് നമ്മുടെ പ്രധാനമന്ത്രിയുടെ സാന്നിധ്യത്തിലാണ്. ആരാണദ്ദേഹം?
   ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി, വാജ്പേയ്
3. നെഹ്റുട്രോഫി വള്ളംകളി ആദ്യമായി നടന്നത് 1952 ഡിസംബർ 27-ാം തിയ്യതിയാണ്. എവിടെയാണ് നടന്നത്?
   ശാസ്താംകോട്ട കായൽ, പമ്പാനദി, അഷ്ടമുടിക്കായൽ, വേമ്പനാട്ടുകായൽ
4. "അകത്തറുത്താൽ പുറത്തറിയും" ഈ കടംകഥയ്ക്ക് ഉത്തരമറിയാമോ?
5. നെഹ്റുട്രോഫി വള്ളംകളി നടക്കുന്നത് എപ്പോഴാണ്?

6. ചുണ്ടൻ വള്ളങ്ങൾ ഏത് ആകൃതിയിലാണ് ഉണ്ടാക്കുന്നത്?
7. വള്ളംകളിയുമായി ബന്ധപ്പെട്ട് രചിക്കപ്പെട്ട പാട്ടുകൾ ഏത് പേരിലാണ് അറിയപ്പെടുന്നത്?
   വള്ളംകളി, വഞ്ചിപ്പാട്ട്, ആട്ടക്കഥ
8. 'കുചേലവൃത്തം' വഞ്ചിപാട്ട് രചിച്ചതാര്?
9. 'വിളക്കേന്തിയ വനിത' എന്നറിയപ്പെടുന്നത്?
   സരോജിനി നായിഡു ലതാ മങ്കേഷ്കർ
   ഫ്ളോറൻസ് നൈറ്റിംഗേൽപത്മാ സുബ്രഹ്മണ്യം
10. നോക്കിക്കണ്ടു പിരിച്ചു പറഞ്ഞാൽ
   നോക്കി + ക്കണ്ടു, നോകി + കണ്ടു, നോക്കി + കണ്ടു
11. യോജിച്ചവ വരച്ചു ചേർക്കൂ.
   കേരളസിംഹം സരോജിനി നായിഡു
   ഇന്ത്യയുടെ വാനമ്പാടി പഴശ്ശിരാജ
   ഏഷ്യയുടെ പ്രകാശം ലതാ മങ്കേഷ്കർ
   ഇന്ത്യയുടെ പൂങ്കുയിൽ ശ്രീ ബുദ്ധൻ
12. നെഹ്റു ട്രോഫി വള്ളംകളിയുടെ ആദ്യത്തെ പേരെന്ത്?

## 8. പത്തായം

1. 'പത്തായം പെറും ചക്കി കുത്തും
   അമ്മ വയ്ക്കും ഉണ്ണി ഉണ്ണും'
   ഈ ചൊല്ലിന്റെ ആശയമെന്ത്?
   - അധ്വാനിക്കാനുള്ള മടി
   - നന്നായി അധ്വാനിക്കുന്നു
   - പത്തായത്തിൽ നിന്ന് നെല്ലുണ്ടാകുന്നു
   - അമ്മ ചോറ് വെക്കുന്നു
2. കൂട്ടത്തിൽ പെടാത്തത് ഏത്
   - പത്തായം
   - പറ
   - എഴുത്താണി
   - മുറം
3. "ഒരു ചെടിയും നട്ടുവളർത്തീ-
   ലോണപ്പൂവെങ്ങനെ നുള്ളാൻ
   ഒരു വയലും പൂട്ടി വിതച്ചീ-
   ലോണച്ചോറെങ്ങനെയുണ്ണാൻ"
   ഈ വരികൾ എൻ.വി.കൃഷ്ണവാര്യരുടെ ഏത് കവിതയിലേതാണ്?
4. ഗതകാലം എന്ന പദത്തിന്റെ അർഥമെന്താണ്?
   - വരുംകാലം
   - ഇന്നത്തെ കാലം
   - കഴിഞ്ഞകാലം
5. 'ഓർമയിലെ കൃഷിക്കാഴ്ചകൾ' ആരുടെ കൃതിയാണ്?
6. കാളകൾ അകന്നുപോകാതിരിക്കാനായി കലപ്പയിൽ ഉറപ്പിക്കുന്നതിനുള്ള ഉപകരണത്തിന്റെ പേരെന്ത്?
7. 'പത്തായത്തെ പട്ടിണി കിടത്തരുത്' എന്ന ചൊല്ലിന്റെ ആശയമെന്ത്?
   - പത്തായത്തിന് ചോറ് കൊടുക്കണം
   - പത്തായം തുറന്നു വെക്കണം
   - കൃഷി ചെയ്ത് ധാന്യങ്ങൾ നിറക്കണം

8. താഴെ കൊടുത്തവയിൽ പഴയകാല ജലസേചനവുമായി ബന്ധപ്പെട്ട ഉപകരണം ഏത്?
- കലപ്പ
- തേക്കുകൊട്ട
- ഇടങ്ങഴി
- മുറം

9. പത്തായനിർമാണത്തിന് ഉപയോഗിച്ചുവരുന്ന തടി പ്രധാനമായും ഏതാണ്?

## 9. ആരു പഠിപ്പിക്കും?

1. അക്ബർ ചക്രവർത്തിയുടെ പണ്ഡിതസദസ്സ് എന്തു പേരിലറിയപ്പെടുന്നു?
   . രാജ രത്നങ്ങൾ, നവരത്നങ്ങൾ, പണ്ഡിത രത്നങ്ങൾ
2. ബീർബലിന്റെ ആദ്യത്തെ പേര്?
3. “ആരല്ലെൻ ഗുരുനാഥ-
   രാരല്ലെൻ ഗുരുനാഥർ
   പാരിതിലെല്ലാമെന്നെ
   പഠിപ്പിക്കുന്നുണ്ടെന്നോ”
   ഈ വരികൾ ആരുടേതാണ്.
   ഒളപ്പമണ്ണ, ആശാൻ, ഉള്ളൂർ
4. ‘ഓമനപ്പൈതൽ’ എന്ന കൃതി ആരുടേതാണ്?
5. ശരിയായ പദമേത്?
   തുച്ഛം, തുചം, തുച്ഛ്ം

## 10. ഊണിന്റെ മേളം

1) **ചേരുംപടി ചേർത്തെഴുതുക**

| | | |
|---|---|---|
| ഐതിഹ്യമാല | - | കുഞ്ഞുണ്ണിമാഷ് |
| അക്ഷരത്തെറ്റ് | - | കുഞ്ചൻ നമ്പ്യാർ |
| പറയിപെറ്റ പന്തിരുകുലം - | | കൊട്ടാരത്തിൽ ശങ്കുണ്ണി |
| ത്രിപുര ദഹനം | - | പി. നരേന്ദ്രനാഥ് |

2. “കൊറിക്കുവാൻ കൊതി തരൂ തരൂ
   വറുത്തൊരസ്സൽ പുളിങ്കുരു” ഈ വരികൾ ആരുടേതാണ്?
3. ‘ഉരചെയ്യുക’ എന്ന പദത്തിന്റെ അർത്ഥം?
   (കേൾക്കുക, കാണുക, തിന്നുക, പറയുക)
4. ‘ഉള്ളത്തിൽ ഭയമേറുക മൂലം
   വെള്ളത്തിൽ ചിലർ ചാടിയൊളിച്ചു’
   ഈ വരികൾ ഏത് കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു?
   1. കഥകളി
   2. ചാക്യാർകൂത്ത്
   3. ഒപ്പന
   4. തുള്ളൽ



[redacted]

5. 'അത്താഴം അത്തിപ്പഴത്തോളം' എന്ന പഴഞ്ചൊല്ലിന്റെ ആശയമെന്ത്?

   1. അത്താഴത്തിന് അത്തിപ്പഴം കളിക്കുക
   2. അത്താഴം കുറച്ച് കഴിക്കുക
   3. അത്താഴത്തിന്റെ കൂടെ അത്തിപ്പഴവും കഴിക്കുക
   4. അത്താഴം വിഭവസമൃദ്ധമായി കഴിക്കുക

6. 'ചക്കക്കുരു പഴയതായാൽ ഗുരുത്വം കുറയും, ലഘുത്വം കൂടും' എന്നതിന്റെ ആശയം?

   1. ചക്കക്കുരുവിന്റെ ഭാരം കൂടി ഗുണം കുറയും
   2. ചക്കക്കുരുവിന്റെ ഭാരം കുറഞ്ഞ് ഗുണം കൂടും
   3. ചക്കക്കുരുവിന്റെ ഭാരവും ഗുണവും കൂടും
   4. ചക്കക്കുരുവിന്റെ ഭാരവും ഗുണവും കുറയും

7. "ചൂടുചായ കുടിച്ചീടിൽ
   കോപച്ചൂടാറുമൊട്ടുടൻ" - ഇതാരുടെ വരികൾ

   1. വയലാർ
   2. ഉള്ളൂർ
   3. കുഞ്ഞുണ്ണിമാഷ്
   4. കുമാരനാശാൻ

## 11. താളും തകരയും

1. 'ഊണ് തൊട്ട് ഉറക്കം വരെ' എന്ന കൃതിയുടെ കർത്താവാര്?

2. സജ്ജനം - പിരിച്ചെഴുതുക?

   സദ്+ജനം
   
   സജ+ജനം
   
   സത്+ജനം
   
   സച്+ജനം

3. ശരിയായതേത്?

   1. തുള്ളൽ, മധുരം, മേളിതം മലയാളം
   2. മലയാളം, മധുരം, തുള്ളൽ, മേളിതം
   3. തുള്ളൽ, മധുരം, മലയാളം, മേളിതം
   4. മധുരം, മലയാളം, മേളിതം, തുള്ളൽ

4. താഴെ കൊടുത്ത പദങ്ങൾ അക്ഷരമാലാ ക്രമത്തിൽ എഴുതുക.
   (മാമ്പഴം, ചേന, ശർക്കര, നേന്ത്രപ്പഴം, നാളികേരം)

5. നാട്ടുഭക്ഷണം എന്ന കൃതിയുടെ കർത്താവാര്?

   കുഞ്ഞുണ്ണിമാഷ്
   
   കുഞ്ചൻ നമ്പ്യാർ
   
   സി. ആർ. രാജഗോപാലൻ
   
   ജി. മോഹനകുമാരി



[redacted]

## 12. മേളിതം

1. കേരളകലാമണ്ഡലം സ്ഥാപിച്ചതാര്?
    1. ഉള്ളൂർ
    2. കുമാരനാശാൻ
    3. കുഞ്ചൻ നമ്പ്യാർ
    4. വള്ളത്തോൾ
2. ശരിയായതേത്?
    1. വള്ളത്തോൾ - ചിത്രയോഗം
    2. ഉള്ളൂർ - അന്തിനക്ഷത്രം
    3. എസ്.കെ. പൊറ്റക്കാട് - ഭൈമീ പരിണയം
    4. കുമാരനാശാൻ - വളപ്പൊട്ടുകൾ
3. അറബി മലയാളത്തെ മലയാള സാഹിത്യ ലോകത്തോട് ചേർത്ത് നിർത്തിയ കവി?
    1. മോയിൻകുട്ടി വൈദ്യർ
    2. എരഞ്ഞോളി മൂസ
    3. ടി. ഉബൈദ്
    4. പുലിക്കോട്ടിൽ ഹൈദർ
4. കലോല്ലാസത്തളം പിരിച്ചെഴുതുക?
    1. കല+ഉല്ലാസ+ത്തളം
    2. കല+ഉല്ലാസത്തളം
    3. കല+ഉല്ലാസ+ത്തളം
    4. കല+ഉല്ലാസ+ത്തളം
5. കൂട്ടത്തിൽപ്പെടാത്തതേത്?
   വനം, ശാഖി, മരം, തരു
6. കൂട്ടത്തിൽപ്പെടാത്തതേത്?

a. കേരളമേ നിന്റെയോമനപ്പേർ കേൾക്കേ
കോൾമയിർ കൊള്ളുന്നെന്നുള്ളമെന്നും
നീരാളപ്പച്ച വിരിച്ച വയലുകൾ
നീളെക്കിടക്കുമുൾ നാടുകളും

b. പാരിനു പരിഭൂഷചാർത്തിടും
ഭാരതത്തിന്റെ ചിത്രകം
കേരളം വിളങ്ങുന്നു കോമളം
കേരവൃക്ഷകസങ്കുലം

c. തെങ്ങിൻ തോപ്പും നെൻമണി പാടങ്ങളും
ഓണനിലാവിൽ ചിങ്ങക്കുളിർക്കാറ്റിൽ
വഞ്ചിപ്പാട്ടിൻ തുഴയെറിയും
ഹരിത പുളകിതമാണെന്റെ കേരളം

d. നാഴിയൂരിപ്പാലുകൊണ്ട്
നാടാകെ കല്യാണം
നാലഞ്ചു തുമ്പ കൊണ്ട്
മാനത്തൊരു പൊന്നോണം

7. കൂട്ടത്തിൽപ്പെടാത്തതേത്?
   a. പത്തായം
   b. മുറം
   c. എഴുത്താണി
   d. കലപ്പ
8. വിപിനം - പകരം പദം എഴുതുക.
9. 'പൊന്നോണമാണിന്നീ കേരളത്തിൽ
   പുണ്യം പുലരുമീയാരാമത്തിൽ' ഈ വരികൾ ആരുടേതാണ്?
   a. പാലാ നാരായണൻ നായർ
   b. പി. കുഞ്ഞിരാമൻ നായർ
   c. ചങ്ങമ്പുഴ കൃഷ്ണപ്പിള്ള
   d. കാവാലം നാരായണപ്പിണിക്കർ
10. 'മാൺപിയന്ന' - പിരിച്ചെഴുതുക
11. ചേരുംപടി ചേർത്തെഴുതുക

| | | |
|---|---|---|
| കേരളഗാനം | - | കെ. അയ്യപ്പൻ |
| കേരള സംസ്കാരം | - | എസ്.കെ. പൊറ്റക്കാട് |
| കേരള വിലാസം | - | ചങ്ങമ്പുഴ കൃഷ്ണപ്പിള്ള |
| കേരളാംബ | - | കുട്ടമത്ത് കുന്നിയൂർ കുഞ്ഞികൃഷ്ണ കുറുപ്പ് |

## 13. മുരളി കണ്ട കഥകളി

1. കേരളത്തിന്റെ തനത് ശാസ്ത്രീയ ദൃശ്യകലാരൂപം ഏത്?
2. കഥകളിയുടെ ആദ്യരൂപം?
3. കഥകളിയുടെ ഉപജ്ഞാതാവ്?
4. കഥകളിയുടെ സാഹിത്യരൂപം?
5. ചെണ്ട ഉപയോഗിക്കാത്ത കഥകളിയിലെ ചടങ്ങ്?
6. കഥകളിയുമായി ബന്ധമില്ലാത്ത പ്രയോഗമേത്?
   a. ശിങ്കിടി പാടുക
   b. അന്നവിചാരം മുന്നവിചാരം
   c. കഥയറിയാതെ ആട്ടം കാണുക
   d. ശ്ലോകത്തിൽ കഴിക്കുക
7. മുഷിയുക എന്ന വാക്കിന് ഏറ്റവും ഉചിതമായത് ഏത്?
   a. മടുപ്പും വിശപ്പും
   b. മടുപ്പും ദാഹവും
   c. മടുപ്പും അലസതയും
   d. മടുപ്പും ഉത്സാഹവും
8. 'ആട' എന്ന പദത്തിന്റെ അർത്ഥം?
9. നളചരിതം ആട്ടക്കഥയുടെ കർത്താവ്?
10. അസുരവാദ്യം എന്നറിയപ്പെടുന്നത്?
11. തീവ്രശ്രുതിയോടു കൂടിയ ഒരു തുകൽ വാദ്യം?
12. ഇടയ്ക്കയിൽ തൂക്കിയിട്ടിരിക്കുന്ന 64 ചെണ്ടുകൾ എന്തിനെ സൂചിപ്പിക്കുന്നു?
13. വായന എന്നർത്ഥം വരുന്ന പദം ഏത്?
14. പഞ്ചാവദ്യത്തിൽ പെടാത്തതേത്?
15. കഥകളിവേഷത്തിൽ ഏറ്റവും സുന്ദരമായ വേഷം?

16. ലൈകീക സമ്പ്രദായങ്ങളോട് ഏറ്റവും അടുത്ത് പോകുന്ന കഥകളി വേഷം ഏതാണ്?
17. പഞ്ചവാദ്യത്തിൽ കാലപ്രമാണം ക്രമപ്പെടുത്തൽ ഉപയോഗിക്കുന്ന വാദ്യോപകരണം?
18. ആംഗീകാഭിനയം, ആഹാര്യാഭിനയം, സാത്വികാഭിനയം, വാചികാഭിനയം എന്നിവ ചേർന്ന നടനകല?
    a. തുള്ളൽ
    b. തെയ്യം
    c. കഥകളി
    d. ചാക്യാർകൂത്ത്
19. താഴെ കൊടുത്തിരിക്കുന്നവയിൽ കഥകളിയിൽ ഉപയോഗിക്കാത്ത വാദ്യോപകരണം ഏത്?
    a. ചെണ്ട
    b. മദ്ദളം
    c. ചേങ്ങില
    d. മൃദംഗം
    e. ഇലത്താളം
20. തുകൽ വാദ്യമല്ലാത്തതേത്?
    a. മദ്ദളം
    b. കൊമ്പ്
    c. തബല
    d. ചെണ്ട
21. താഴെ കൊടുത്തിരിക്കുന്ന സവിശേഷതകൾ
    ഏത് കഥകളിവേഷവുമായി ബന്ധപ്പെട്ടതാണ്?
    a. കഥകളി വേഷത്തിൽ ഏറ്റവും സുന്ദരം
    b. മുഖത്ത് മനയോല തേയ്ക്കുന്നു
    c. ചുവന്ന കുപ്പായവും കേശഭാരവും കിരീടവും
    d. ഋതുപർണ്ണൻ, ഉത്തരൻ, ധർമ്മപുത്രൻ തുടങ്ങിയ കഥാപാത്രങ്ങൾ
22. കഥകളിയിൽ സ്ത്രീവേഷം രംഗത്ത് വരുമ്പോൾ ഉപയോഗിക്കാത്ത വാദ്യം?
23. പതിഞ്ഞ താളത്തിലുള്ള 'ചായൽ' ദ്രുതതാളത്തിലുള്ള 'മുറുക്കം' എന്നിവ ഏത് കലാരൂപവുമായി ബന്ധപ്പെട്ടതാണ്?

*********

# ഉത്തരസൂചിക

## വെണ്ണക്കണ്ണൻ

1. കാനനം
2. ചെറുശ്ശേരി
3. കൗമുദി
4. ചെറുശ്ശേരി — കൃഷ്ണഗാഥ
   കുഞ്ചൻനമ്പ്യാർ — കല്യാണസൗഗന്ധികം
   കുമാരനാശാൻ — ദുരവസ്ഥ
   വള്ളത്തോൾ — മഗ്ദലനമറിയം
5. ചതുരംഗം
6. കേഴും + അല്ലോ

## കുടയില്ലാവർ

1. വൈലോപ്പിള്ളി
2. കനിവ് - ദയ
   കിനാവ് - സ്വപ്നം
3. ഒറ്റപ്ലാക്കാൽ നീലകണ്ഠൻ വേലുകുറുപ്പ്
4. മാമ്പഴം
5. മഞ്ഞപ്പാവാട — ഡോ. കെ. ശ്രീകുമാർ
   മഞ്ഞുതുള്ളി — നിത്യചൈതന്യയതി
   പൂതപ്പാട്ട് — ഇടശ്ശേരി
   വളപ്പൊട്ടുകൾ — ഒ എൻ വി

## സ്നേഹം താൻശക്തി

1. അനുബന്ധം
2. തടസം
3. ജയചന്ദ്രൻ
4. ശ്രീനാരായണഗുരു
5. സന്തോഷം X അസന്തോഷം
6. നോവുമാത്മാവിനെ സ്നേഹിക്കാത്ത തത്വശാസ്ത്രത്തെ ഞാൻ സ്നേഹിക്കയില്ല
7. മാതംഗി — ചണ്ഡാലഭിക്ഷുകി
   പഞ്ചമി — പറയിപെറ്റ പന്തിരുകുലം
   നങ്ങേലി — പൂതപ്പാട്ട്
   യശോദ — കൃഷ്ണഗാഥ

## എന്റെ പനിനീർച്ചെടി

1. കുട്ടമത്ത് കുന്നിയൂർ കുഞ്ഞികൃഷ്ണകുറുപ്പ്
2. മേരിജോൺകൂത്താട്ടുകുളം
3. ആഷാഡം
4. മഞ്ഞ്
5. ഡോ.സലിംഅലി
6. ആയി + എന്ന്
7. ഭർത്താവുള്ളവൾ
8. ശരത്കാലം
9. സാഗരം
10. 

| | |
|---|---|
| ജ്ഞാനപ്പാന | പൂന്താനം |
| മഹാഭാരതം കിളിപ്പാട്ട് | എഴുത്തച്ഛൻ |
| കല്യാണസൗഗന്ധികം | കുഞ്ചൻനമ്പ്യാർ |
| പ്രേമസംഗീതം | ഉള്ളൂർ |

11. കാറ്റ് – മാരുതൻ

## ഞാവൽക്കാട്

1. കെ.കെ.നീലകണ്ഠൻ
2. നവംബർ 12
3. അതിരില്ലാത്തത്
4. ഇന്ദുചൂഡൻ

### ഓമനയുടെ ഓണം

1. ഓണസദ്യ
2. മേഘം
3. ജി. ശങ്കരക്കുറുപ്പ്
4. ക്രിക്കറ്റ് കളി
5. ഏറ്റുമാനൂർ സോമദാസൻ
6. സുഗതകുമാരി
7. പി. കുഞ്ഞിരാമൻ നായർ

## നെഹ്റു ട്രോഫി വള്ളംകളി

1. തെയ് തെയ്
2. ജവഹർലാൽ നെഹ്റു
3. വേമ്പനാട്ടുകായലിൽ
4. ചക്ക
5. ആഗസ്ത് മാസത്തിലെ രണ്ടാമത്തെ ശനിയാഴ്ച
6. സർപ്പാകൃതി
7. വഞ്ചിപ്പാട്ട്
8. പാമപുരത്തു വാര്യർ
9. ഫ്ളോറൻസ് നൈറ്റിംഗേൽ
10. നോക്കി + കണ്ടു

| | | |
|---|---|---|
| 11 | കേരളസിംഹം | സരോജിനി നായിഡു |
| | ഇന്ത്യയുടെ വാനമ്പാടി | പഴശ്ശിരാജ |
| | ഏഷ്യയുടെ പ്രകാശം | ലതാ മങ്കേഷ്കർ |
| | ഇന്ത്യയുടെ പൂങ്കുയിൽ | ശ്രീ ബുദ്ധൻ |

12. പ്രൈം മിനിസ്റ്റേഴ്സ് ട്രോഫി

## പത്തായം

1. അധ്വാനിക്കാനുള്ള മടി
2. എഴുത്താണി
3. ഓണം 1987
4. കഴിഞ്ഞകാലം
5. മുരളീധരൻ തഴക്കര
6. നുകം
7. കൃഷി ചെയ്ത് ധാന്യങ്ങൾ നിറക്കണം
8. തേക്കുകൊട്ട
9. പ്ലാവ

## ആരു പഠിപ്പിക്കും?

1. നവരത്നങ്ങൾ
2. മഹേശ്ദാസ്
3. ഒളപ്പമണ്ണ
4. പാലാനാരായണൻ നായർ
5. തുച്ഛം

## ഊണിന്റെ മേളം

1. ഐതീഹ്യമാല - കൊട്ടാരത്തിൽ ശങ്കുണ്ണി
   അക്ഷരത്തെറ്റ് - കുഞ്ഞുണ്ണിമാഷ്
   പറയിപെറ്റമന്തിരികുലം - പി. നരേന്ദ്രനാഥ്
   ത്രിപുരദഹനം - കുഞ്ചൻ നമ്പ്യാർ
2. വൈലോപ്പിള്ളി ശ്രീധരമേനോൻ
3. പറയുക
4. തുള്ളൽ
5. അത്താഴം കുറച്ച് കഴിക്കുക
6. ചക്കക്കുരുവിന്റെ ഭാരം കുറഞ്ഞ് ഗുണം കൂടും
7. കുഞ്ഞുണ്ണിമാഷ്

## താളും തകരയും

1. കുഞ്ഞുണ്ണിമാഷ്
2. സത് + ജനം
3. തുള്ളൽ, മധുരം, മലയാളം, മേളിതം
4. ചേന, മാമ്പഴം, നാളികേരം, നേന്ത്രപ്പഴം, ശർക്കര
5. സി.ആർ രാജഗോപാലൻ

## മേളിതം

1. വള്ളത്തോൾ
2. വള്ളത്തോൾ + ചിത്രയോഗം
3. ടി. ഉബൈദ്
4. കല + ഉല്ലാസ + തളം
5. വനം
6. നാഴിയൂരിപ്പാലുകൊണ്ട്
   നാടാകെ കല്ല്യാണം
   നാലഞ്ചു തുമ്പ കൊണ്ട്
   മാനത്തൊരു പൊന്നോണം
7. എഴുത്താണ്
8. കാട്
9. ചങ്ങമ്പുഴ കൃഷ്ണപ്പിള്ള
10. മാൺപ് + ഇയന്ന
11. കേരളഗാനം - എസ്.കെ പൊറ്റക്കാട്
    കേരള സംസ്കാരം - ചങ്ങമ്പുഴ കൃഷ്ണപ്പിള്ള
    കേരള വിലാസം - കുട്ടമത്ത് കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പ്
    കേരളാംബ - സഹോദരൻ കെ. അയ്യപ്പൻ

## മുരളി കണ്ട കഥകളി

1. കഥകളി
2. രാമനാട്ടം
3. കൊട്ടാരക്കര തമ്പുരാൻ
4. ആട്ടക്കഥ
5. അരങ്ങുകേളി
6. അന്നവിചാരം മുന്നവിചാരം
7. മടുപ്പും അലസതയും
8. വസ്ത്രം
9. ഉണ്ണായി വാരിയർ
10. ചെണ്ട
11. മദ്ദളം
12. 64 കലകളെ
13. വാദനം
14. ചെണ്ട
15. പച്ച
16. മിനുക്ക്
17. ചേങ്ങില
18. കഥകളി
19. മൃദംഗം
20. കൊമ്പ്
21. പച്ച
22. ചെണ്ട
23. ഒപ്പന

## വിവരണാത്മക ചോദ്യങ്ങൾ

താഴെ കൊടുത്ത രണ്ട് കവിതാശകലങ്ങളും വായിച്ച് ആശയങ്ങൾ വിശകലനം ചെയ്ത് താരതമ്യക്കുറിപ്പ് തയ്യാറാക്കൂ.

**അമ്മയ്ക്കെന്തൊരു ഭംഗി**
എന്നും കാലത്തമ്മേ
അമ്മയ്ക്കെന്തൊരു മേളം
അച്ഛനു കാപ്പിയൊരുക്കാൻ
കൊച്ചനിയത്തിയെ നോക്കാൻ
ചോറും കറിയും വയ്ക്കാൻ
നൂറു തിരക്കുകൾ തീർക്കാൻ
കുഞ്ഞിനുപാലുകൊടുക്കാൻ
എന്നെയൊരുക്കിയയക്കാൻ
എന്തു തിടുക്കം ബഹളം
എന്തൊരടുക്കളമേളം
ഒന്നു കളിക്കാൻ പോലും
അമ്മയ്ക്കില്ലാനേരം
എങ്കിലുമെങ്കിലുമമ്മേ
സഞ്ചിയുമായ് ഞാൻ പോകേ
എന്നുടെ നെറ്റിയിലുമ്മ തരുന്നോ
രമ്മയ്ക്കെന്തൊരു ഭംഗി

(സുഗതകുമാരി)

**അമ്മ**
എന്നുമടുക്കളക്കോണിൽ നിന്നും
എന്നെ നോക്കുന്നൊരെന്ത്രമുണ്ടേ
എന്താണ് ഭാവമാക്കണ്ണുകളിൽ
സങ്കടമോ അതോ സാന്ത്വനമോ
    കാലത്തു കാപ്പി തരുന്ന യന്ത്രം
    ചേലിൽ വിഴുപ്പലക്കുന്ന യന്ത്രം
    എന്നും ചുമട് ചുമക്കും യന്ത്രം
    കണ്ണീർ തുടയ്ക്കും തണുത്തയന്ത്രം
നായിക രാവിലെ കൺതുറന്നാൽ
ഭാവങ്ങളെത്രയഭിനയിക്കാൻ
നമ്മൾ മറന്നുപോകുന്നുവല്ലോ
അമ്മയെന്നാണതിൻ പുണ്യനാമം

### താരതമ്യക്കുറിപ്പ്

രണ്ട് കവിതാശകലങ്ങളിലും അമ്മയുടെ മഹത്വത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. അമ്മയ്ക്കെന്നും തിരക്കാണ്. അടുക്കള ജോലികളെല്ലാം തീർക്കണം, അനിയത്തിയെ നോക്കണം, അച്ഛനു കാപ്പിയൊരുക്കണം അങ്ങനെ നൂറുകൂട്ടം കാര്യങ്ങൾ ചെയ്യാനുണ്ട്. അതായത് സ്വന്തം കാര്യങ്ങൾ ശ്രദ്ധിക്കാൻ പോലും സമയമില്ല. എങ്കിലും ഈ തിരക്കിനിടയിലും തന്റെ നെറ്റിയിൽ ഉമ്മ വെയ്ക്കാൻ അമ്മ മറക്കുന്നില്ല.

ഇതേ ആശയം തന്നെയാണ് അമ്മ എന്ന കവിതയിലും. എന്നും അടുക്കളയിൽ ജോലി ചെയ്യുന്ന ഒരു യന്ത്രമായിട്ടാണ് അമ്മയെ കാണുന്നത്. ഇങ്ങനെ നമുക്ക് വേണ്ടി ചുമട് ചുമക്കുകയും നമ്മെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന അമ്മ ഒരു പുണ്യമാണ്. ആ പുണ്യത്തെ നാം ഒരിക്കലും മറക്കരുത് എന്ന് കവി നമ്മെ ഓർമ്മപ്പെടുത്തുന്നു. ഒരു പാട് ഭാവങ്ങൾ അഭിനയിക്കുന്ന, ഒരു പാട് ചുമടുകൾ ചുമക്കുന്ന ഒന്നിനും സമയമില്ലാത്ത, ഉത്തരവാദിത്വങ്ങൾ മാത്രം ചെയ്യാനറിയുന്ന യന്ത്രമായി അമ്മ മാറുന്നതിന്റെ വേദന രണ്ടു കവിതകളും ഭാവ സമ്പന്നവും താളനിബദ്ധവുമാണ്.

## കോഴി

“കുഞ്ഞേ തുള്ളാൻ സമയമില്ലിപ്പോൾ
കാഞ്ഞവെയിലത്ത് കാലുപൊള്ളുമ്പോൾ
എന്നുമെന്റെ ചിറകിന്റെ കീഴിൽ
നിന്നു നിന്റെ വയറു നിറയ്ക്കാം
എന്ന് തോന്നുന്ന തോന്നലുവേണ്ട
നിന്റെ ജീവിതം നിൻ കാര്യം മാത്രം
നേരമായി നിനക്കു ജീവിക്കാൻ
നേരമിന്നു തിരക്കു കൂട്ടുന്നു
അന്നുഞാനും ഉടപ്പിറന്നോളും
ഒന്നുപോലെ കഴിഞ്ഞ കുഞ്ഞുങ്ങൾ
അമ്മ ഞങ്ങളെ നെഞ്ചത്തടുക്കി
ഉമ്മ വെച്ചു വളർത്തിയെന്നാലും
കൊത്തിമാറ്റിയൊരിക്കൽ അതിൽ പിന്നെ
എത്ര രാവിന്റെ തൂവൽ കൊഴിഞ്ഞു
കണ്ണു വേണം ഇരുപുറം എപ്പോഴും
കണ്ണുവേണം മുകളിലും താഴെയും
കണ്ണിനുള്ളിൽ കത്തി ജ്വലിക്കും
ഉൾക്കണ്ണ് വേണം അണയാത്ത കണ്ണ്
- കടമ്മനിട്ട രാമകൃഷ്ണൻ”

### ആസ്വാദനക്കുറിപ്പ്
### കോഴി

കേരളത്തിലെ അറിയപ്പെടുന്ന കവിയും എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനുമായിരുന്ന കടമ്മനിട്ട രാമകൃഷ്ണന്റെ പ്രശസ്ത കവിതയാണ് കോഴി.

ഈ കവിതയിൽ ഒരമ്മക്കോഴി തന്റെ കുഞ്ഞിന് ജീവിത പാഠം പറഞ്ഞുകൊടുക്കുകയാണ്. അത് തന്റെ ചുറ്റുമുള്ള ചതിക്കുഴികളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളാണ്. അമ്മക്കോഴി കുഞ്ഞിക്കോഴിയോട് പറയുകയാണ് “എന്നും നീ എന്റെ ചിറകിന്റെ കീഴിലിരുന്ന് വയറുനിറയ്ക്കാം എന്നുവിചാരിക്കേണ്ട. നിനക്ക് നിന്റെ കാര്യം നോക്കേണ്ട സമയമായി. ഞാനും ഇങ്ങനെത്തന്നെയായിരുന്നു. എന്റെ അമ്മ എന്നെ അകറ്റിയിട്ട് എത്രയോ കാലങ്ങളായി. നമ്മുടെ ചുറ്റും എപ്പോഴും ശ്രദ്ധിക്കണം. എവിടെയാണ് ചതി കാത്തിരിക്കുന്നത് എന്നറിയില്ല.” അമ്മക്കോഴിയുടെ ഈ ഉപദേശങ്ങൾ തന്റെ അനുഭവത്തിൽ നിന്നുള്ളതാണ്. അനുഭവങ്ങളാണ് പുതിയ പാഠങ്ങളാവുന്നത്. ഇതാണ് കുഞ്ഞിക്കോഴികൾ മന:സ്സിലാക്കേണ്ടത്. ഈ ലോകത്തിൽ തന്റെ കഴിവുകളിൽ ഉറച്ച് വിശ്വസിച്ച് മുന്നേറുക. ചുറ്റുമുള്ളവയെ ശ്രദ്ധയോടെയും കരുതലോടെയും മാത്രം നോക്കിക്കാണുക.

“നിന്റെ ജീവിതം നിൻ കാര്യം മാത്രം” ഈ വരിയാണ് എനിക്ക് കൂടുതൽ ഇഷ്ടപ്പെട്ടത്. കാരണം ഇത് എന്നും നമ്മുടെ അമ്മമാർ നമ്മോട് പറയാറുള്ളതാണ്. നമുക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ നാം തന്നെ ചെയ്യണം. അതിന് മറ്റുള്ളവരെ ആശ്രയിക്കരുത്.

പദഭംഗികൊണ്ടും ശൈലി കൊണ്ടും സമ്പന്നമാണീ കവിത. കുഞ്ഞ്, കാഞ്ഞ, എന്നും, നിന്നും, ഒന്നും തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. കവിതയുടെ ഭാവവും വായനക്കാരെ ആകർഷിക്കും വിധമാണ്.

ഇന്നത്തെ കുട്ടികൾക്ക് കൊടുക്കേണ്ട നല്ലൊരു ഉപദേശം കൂടിയാണ് ഈ കവിത. കുട്ടികളെ സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്താതെ ആവശ്യത്തിനും അനാവശ്യത്തിനും പിന്താങ്ങുക എന്നതാണ് ഇന്നത്തെ പ്രവണത. സ്വാതന്ത്ര്യം, ആത്മവിശ്വാസം, സ്വാശ്രയത്വം ഇവയാണ് പുതിയ ലോകത്തിൽ നമ്മെ ജീവിക്കുവാൻ പ്രാപ്തമാക്കുന്നത്.

**താഴെ കൊടുത്തിരിക്കുന്ന കവിതയ്ക്ക് ആസ്വാദന കുറിപ്പ് തയ്യാറാക്കൂ.**

**എന്റെ വിദ്യാലയം**

തിങ്കളും താരങ്ങളും
തൂവെള്ളിക്കതിർ ചിന്നും
തുംഗമാം വാനിൻ ചോട്ടി-
ലാണെന്റെ വിദ്യാലയം
ഇന്നലെക്കണ്ണീർ വാർത്തു
കരഞ്ഞീടിന വാന-
മിന്നിതാ, ചിരിക്കുന്നു
പാലൊളി ചിതറുന്നു
മുൾച്ചെടിത്തലപ്പിലും
പുഞ്ചിരി വിരിയാറു-
ണ്ടെച്ചെറു പൂന്തോപ്പിലെ
പ്പനിനീരുറയ്ക്കുന്നു
മധുവിൻ മത്താൽപ്പാറി
മൂളുന്നു മധുപങ്ങൾ
<u>മധുര</u>മീ ജീവിതം
ചെറുതാണെന്നാകിലും
ആരല്ലെൻ ഗുരുനാഥ
രാരല്ലെൻ ഗുരുനാഥൻ
പാരിതിലെല്ലാമെന്നെ
പഠിപ്പിക്കുന്നുണ്ടെന്തോ
- ഒളപ്പമണ്ണ

(മധുപം - വണ്ട്)

1. അടിവരയിട്ട പദത്തിന് പകരം പദം എഴുതുക?
2. കവിതയിലെ വാക്കുകളുടെ ഭംഗി, നല്ല പ്രയോഗങ്ങൾ ഇഷ്ടപ്പെട്ട വരികൾ എന്നിവ കൂടി ഉൾപ്പെടുത്തി ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ?

# അനുഭവ കുറിപ്പ്

ഒരു ദിവസം വൈകുന്നേരം സ്കൂൾവിട്ട് വന്ന തോമസ് ആൽവാ എഡിസൺ അമ്മയ്ക്ക് നേരെ ഒരു പേപ്പർ നീട്ടിക്കൊണ്ട് പറഞ്ഞു "അമ്മേ ദാ.... ഈ കത്ത് അമ്മയ്ക്ക് തരാൻ ക്ലാസ് ടീച്ചർ പറഞ്ഞു." ആകാംക്ഷ യോടെ എഡിസന്റെ അമ്മ ആ കത്ത് വാങ്ങി.

കത്തിലൂടെ കണ്ണോടിച്ച എഡിസന്റെ അമ്മയുടെ മുഖം മങ്ങി. ഈ ഭാവമാറ്റം കണ്ട എഡിസൺ ചോദി ച്ചു. "എന്താ അമ്മേ ഈ കത്തിൽ?" ഉടനെ ചെറുതായി പുഞ്ചിരിച്ചുകൊണ്ട് അമ്മ ആ കത്ത് ഉറക്കെ വായി ച്ചു. നിങ്ങളുടെ മകൻ അസാമാന്യ കഴിവുകളുള്ള ഒരു കുട്ടിയാണ്. ഈ ചെറിയ സ്കൂളിലെ അധ്യാപകരോ സൗകര്യങ്ങളോ അവനെ നന്നായി പഠിപ്പിക്കാൻ മതിയാവില്ല നിങ്ങൾ തന്നെ കൂടുതൽ സമയം അവനെ പഠിപ്പിക്കുന്നതാകും ഉചിതം.

നാളുകൾ കടന്നുപോയി മാസങ്ങളും വർഷങ്ങളും കഴിഞ്ഞു. എഡിസൺ ലോകമറിയുന്ന നൂറ്റാണ്ടിലെ തന്നെ മികച്ച ശാസ്ത്രജ്ഞനായി മാറി. ഒരു ദിവസം വീട്ടിലെ പഴയ സാധനങ്ങൾ അടുക്കി വൃത്തിയാക്കി ക്കൊണ്ടിരിക്കേ എഡിസൺ അതെടുത്ത് നോക്കി. അന്ന് തന്റെ ടീച്ചർ അമ്മയ്ക്കായി കൊടുത്തുവിട്ട കത്താ യിരുന്നു അത്. എഡിസൺ അത് വായിച്ചുനോക്കി. അതിൽ ഇങ്ങനെ എഴുതിയിരുന്നു.

"നിങ്ങളുടെ മകൻ ബുദ്ധിയില്ലാത്ത ഒരു കുട്ടിയാണ്. ഇവനെ പഠിപ്പിച്ച് സമയം കളയാൻ ഞങ്ങൾക്കാ വില്ല. ദയവായി ഇനി ഇവനെ സ്കൂളിലേക്ക് അയക്കരുത്".

ഇത് വായിച്ച ശേഷം എഡിസൺ മണിക്കൂറുകളോളം ഒറ്റയ്ക്കിരുന്ന് വാവിട്ട് കരഞ്ഞു. അവസാനം അയാൾ തന്റെ പഠനമുറിയിലെ മേശയിൽ നിന്നും ഡയറിയെടുത്ത് ഇങ്ങനെ കുറിച്ചു.

"ബുദ്ധിയില്ലാത്ത എഡിസണെ ലോകത്തിന് മുന്നിൽ മഹാനാക്കിയ എന്റെ അമ്മയാണ് യാഥാർത്ഥ

ധീരവനിത".

മുകളിൽ കൊടുത്ത അനുഭവക്കുറിപ്പ് വായിച്ചതും പ്രിയപ്പെട്ടവരിൽ നിന്ന് നിങ്ങളുടെ മനസ്സിനെ സ്പർശിച്ച അനുഭവം (വീട്ടുകാർ, അധ്യാപകർ, സമൂഹം) ഉണ്ടായിക്കാണുമല്ലോ?

**ഒന്ന് എഴുതിനോക്കൂ...**

## ആത്മകഥ

രവിയുടെ നാട്ടിൽ ഉത്സവം നടക്കുകയാണ്. അവനും കൂട്ടുകാരും ഉത്സവപറമ്പിലെത്തി. ചന്തയൊക്കെ കണ്ട് രസിച്ചിങ്ങനെ നടക്കുകയാണ്. മതിൽക്കെട്ടിനുള്ളിൽ ചെണ്ടമേളം തകർക്കുകയാണ്. അവർ അവിടെ എത്തി. ചുറ്റും ആളുകൾ കൂടി നിന്ന് മേളം ആസ്വദിക്കുകയാണ്. കുറച്ചു സമയത്തിനുശേഷം ചെണ്ടമേളം കഴിഞ്ഞു.

“ഹാവൂ ചെണ്ടകൾ രക്ഷപ്പെട്ടു. എത്ര സമയമായി പാവം ചെണ്ടകൾ തല്ലുകൊള്ളുന്നു. രവി മനസ്സി ലോർത്തു. ചെണ്ടക്കാരൊക്കെ ഭക്ഷണം കഴിക്കാനായി പോയി. രവി മെല്ലെ ചെണ്ടകളുടെ അടുത്തു ചെന്നു. തൊട്ടുനോക്കി. കുറച്ചകലെ നിന്ന് ഒരു തേങ്ങലും കേട്ട് രവി അങ്ങോട്ട് നോക്കി. രവി അടുത്തു ചെന്നു.

“എന്തിനാ കരയുന്നേ?” അവൻ ചോദിച്ചു രവിയോട് ചെണ്ടയ്ക്ക് എന്തെന്നില്ലാത്ത സ്നേഹം തോന്നി.

“എന്റെ കഥ കേൾക്കണോ മോന്?”

“കേൾക്കണം ” പറയു

“ശരി കേട്ടോളു”

എന്തായിരിക്കും ചെൺ പറഞ്ഞ കഥ?

## ചെണ്ടയുടെ ആത്മകഥ

എന്റെ ജനനം പാലക്കാട് ജില്ലയിലെ പെരുവാമ്പ് ഗ്രാമത്തിലാണ്. ഞാനും എന്റെ സഹോദരങ്ങളു മൊക്കെ ജനിച്ചത് അവിടെയും സമീപപ്രദേശങ്ങളിലുമാണ്. ഞാൻ ജനിച്ചത് രാഘവേട്ടന്റെ വീട്ടിലാണ്. പ്ലാവിന്റെ തടി കൊണ്ടും കണിക്കൊന്നയുടെ തടികൊണ്ടുമാണ് ഞങ്ങളെ ഉണ്ടാക്കുന്നത്. എന്നെ ഉണ്ടാ ക്കിയത് രാഘവേട്ടന്റെ മുറ്റത്തെ പ്ലാവിനെ കൊണ്ടാണ്. തടി കടഞ്ഞ് ഉൾഭാഗം പൊള്ളയാക്കി, മൃഗത്തോൽ വലിച്ചുകെട്ടിയാണ് എന്നെ ഉണ്ടാക്കിയിരിക്കുന്നത്. ഇതിന് ഒരു പാട് കഠിന പരിശ്രമം ആവശ്യമാണ്.

ഇക്കാലത്ത് എന്റെ വർഗ്ഗക്കാരെ ഉണ്ടാക്കുന്നത് തന്നെ വളരെ വിരളമാണ്. കാരണം തടിയുടെയും മൃഗ ത്തോലിന്റെയും ലഭ്യതക്കുറവാണ്. എങ്കിലും എനിക്ക് പണ്ടെത്തെപ്പോലെ ഇപ്പോഴും നല്ല ഡിമാന്റുണ്ട് കേട്ടോ. ഇന്നു ചെണ്ടമേളത്തിന് ഒട്ടും തന്നെ കുറവ് വന്നിട്ടില്ലല്ലോ. എന്നെക്കുറിച്ച് ധാരാളം കടങ്കഥകളും പഴഞ്ചൊല്ലുകളുമൊക്കെ ഉണ്ട്. രവിയ്ക്കറിയാമോ അതൊക്കെ?

”ചെണ്ടകൊട്ടി അറിയിക്കുക” എന്ന പ്രയോഗം ഞാൻ കെട്ടിട്ടുണ്ട്. “തല്ലും കുത്തും ചെണ്ടയ്ക്ക് അപ്പോം ചോറും മാരാർക്ക്” എന്ന പഴഞ്ചൊല്ല് എത്ര ശരിയാണ് അല്ലേ?

## നിവേദനം

കോട്ടയം ജില്ലയിലെ നെല്ലിത്തറ യു.പി സ്കൂളിനടുത്തുകൂടി ഒരു ചെറിയ പുഴ ഒഴുകുന്നുണ്ട്. കുറച്ചു വർഷം മുമ്പുവരെ നല്ല ശുദ്ധമായ വെള്ളമാണുണ്ടായിരുന്നത്. ഇപ്പോൾ അതിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. അറവ് മാലിന്യങ്ങളും, പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും വലിച്ചെറിയുന്നതുമൂലം അതിന്റെ ഒഴുക്ക് നിലച്ചു ദുർഗന്ധം വമിക്കുന്നു. ഇത് സ്കൂളിലെ കുട്ടികളുടെ ആരോഗ്യത്തെ സാരമായി ബാധിച്ചിരിക്കയാണ്. ഇതിനെതിരെ ജില്ലാകലക്ടർക്ക് നിവേദനം സമർപ്പിക്കുവാൻ കുട്ടികൾ തീരുമാനിച്ചിരിക്കയാണ്. അവരെ ഒന്ന് സഹായിക്കാമോ?

**മാതൃക**

ബഹുമാനപ്പെട്ട കോട്ടയം ജില്ലാകലക്ടർക്ക് നെല്ലിത്തറ യു.പി സ്കൂളിലെ വിദ്യാർത്ഥികൾ സമർപ്പിക്കുന്ന നിവേദനം.

വിഷയം : പുഴയെ മാലിന്യമുക്തമാക്കുന്നത് സംബന്ധിച്ച്.

സർ,

ഞങ്ങളുടെ സ്കൂളിനു സമീപത്തുകൂടി ഒരു പുഴ ഒഴുകുന്നുണ്ട്. കുറച്ചു കാലം മുമ്പു വരെ അതിൽ ശുദ്ധജലമാണ് ഉണ്ടായിരുന്നത്. ഇപ്പോഴതിൽ അറവുമാലിന്യങ്ങളും, പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും നിക്ഷേപിക്കുന്നതിനാൽ പുഴയുടെ ഒഴുക്ക് തന്നെ തടസ്സപ്പെട്ടിരിക്കുകയാണ്. ദുർഗന്ധവും വമിക്കുന്നു. ഇതിലെ വെള്ളം കുടിക്കുവാനോ കുളിക്കുവാനോ സാധിക്കുന്നില്ല. കൃഷിക്ക് പോലും ഉപയോഗിക്കാൻ കഴിയുന്നില്ല. ഉപയോഗിച്ചവരാകട്ടെ പലതരത്തിലുള്ള രോഗങ്ങളുടെ പിടിയിലാവുകയും ചെയ്യുന്നു. കന്നുകാലികൾക്കും വളർത്തു മൃഗങ്ങൾക്കും രോഗങ്ങൾ പടരുകയാണ്.

ആയതിനാൽ എത്രയും പെട്ടെന്ന് തന്നെ പുഴ ശുചീകരിച്ച്, മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ വേണ്ട നടപടി സ്വീകരിക്കുകയും, ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്യണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.


എന്ന്,

നെല്ലിത്തറ — നെല്ലിത്തറ യു.പി. സ്കൂളിലെ വിദ്യാർത്ഥികൾ

05/09/2019 — പേര്.........

---------

1. താഴെകൊടുത്തിരിക്കുന്ന ആശയചിത്രീകരണങ്ങളുപയോഗിച്ച് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൂ.



**2.**


ജനനം 1872 ഒക്ടോബർ 16
തീരൂർ,
മരണം 1958 മാർച്ച് 13
വള്ളത്തോൾ
അച്ഛൻ - മല്ലിശ്ശേരി
ദാമോദരൻ ഇളയത്
അമ്മ - കുട്ടിപാറുഅമ്മ
പ്രധാനകൃതികൾ
അച്ഛനും മകളും, എന്റെ ഗുരുനാഥൻ,
കൊച്ചുസീത, ചിത്രയോഗം,
മഗ്ദലനമറിയം തുടങ്ങിയവ
ആധുനികകവിത്രയം
കേരളീയകലകളുടെ ഉന്നമനം
കേരളകലാമണ്ഡലം

**3.**


ബഹുമതികൾ
വീരശൃംഖല, മഹാകവി
ബിരുതം, കവിതിലകൻപട്ടം
തുടങ്ങിയവ
ആധുനിക കവിത്രയം
കാൽപനികപ്രസ്ഥാനത്തിന്
തുടക്കം
ജനനം 1877 ജൂൺ 6
ചങ്ങാനാശേരി പെരുന്നയിൽ
താമരശേരി ഇല്ലം
മരണം 1949 ജൂൺ 15
ഉള്ളൂർ
കവി, സാഹിത്യചരിത്രകാരൻ,
ഭാഷാ ഗവേഷകൻ, ഉദ്യോഗസ്ഥൻ
അച്ഛൻ സുബ്രഹ്മണ്യ അയ്യർ
അമ്മ ഭഗവതിയമ്മാൾ
പ്രധാന കൃതികൾ
ഉമാകേരളം, കേരളസാഹിത്യ
ചരിത്രം, കർണഭൂഷണം പിംഗള,
അമൃതധാര തുടങ്ങിയവ